ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) ഉണ്ടായി.

(ബി) മൈസൂർ സംസ്ഥാനത്തിന്റെ ബാരപ്പോർ പദ്ധതിയുടെ 'റെയിൽ റൈസ്' കേരളത്തിലെ ജലഗതാഗത ആവശ്യത്തിനു് സൗകര്യപ്രദമായി ഉപയോഗിക്കാമെന്നുള്ള ധാരണയിൽ പ്രസ്തുത പദ്ധതി ഈ സംസ്ഥാനങ്ങളുമായി നടപ്പിൽ വരുത്താമെന്നു് ആലോചിച്ചു. പക്ഷേ അതു് ലാഭകരമല്ലെന്നു് കണ്ടതുകൊണ്ടു് പ്രസ്തുത പദ്ധതി തൽക്കാലം നടപ്പിൽ വരുത്തേണ്ടതില്ലെന്നു് തീരുമാനിച്ചു.

(സി) 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റു്

✱ 411. [18] ശ്രീ. കെ. എം. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലുള്ള മുൻതിരുവിതാംകൂർ-കൊച്ചിയിലേയും, മുൻ മലബാറിലേയും ലോവർ ഡിവിഷൻ ക്ലാർക്കന്മാരുടെ സംയോജനം നടത്തി ഗ്രഡേഷൻ ലിസ്റ്റു് പരസ്യപ്പെടുത്തിയോ; ഇല്ലെങ്കിൽ താമസത്തിനുള്ള കാരണമെന്താണു്;

(ബി) സുപ്രീസു് സംയോജനം നടക്കാത്തതുകൊണ്ടു് സുപ്രീസിലുള്ള ഒരു വിഭാഗം ആളുകളെ അതു വളരെ ദോഷകരമായി ബാധിക്കുമെന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) മുൻ മലബാർപ്രദേശത്തു് ലോവർ ഡിവിഷൻ ക്ലാർക്കന്മാരുടെ തസ്തികയിലേക്കുള്ള നിയമനം, പ്രമോഷൻ, കൺഫർമേഷൻ മുതലായതു് ഡിസ്ട്രിക്റ്റു് അടിസ്ഥാനത്തിലാണു്. അപ്രകാരം ഡിസ്ട്രിക്റ്റു് അടിസ്ഥാനത്തിലുള്ള തസ്തികകളിൽ സംയോജനം വേണ്ട എന്നാണു് ഗവണ്മെന്റു തീരുമാനിച്ചിട്ടുള്ളതു്.

(ബി) ഇല്ല.

പണി പൂർത്തിയാകാത്ത റോഡുകൾ

✱ 412. [19] † ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ച എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയാകാത്തതായിട്ടുണ്ടു്;

(ബി) ആലപ്പുഴജില്ലയിൽ അത്തരത്തിലുള്ള എത്ര റോഡുകളുണ്ടു്;

(സി) പരിമല–പാണ്ടനാട്വഴിയുള്ള ചെങ്ങന്നൂർ–മാന്നാർ റോഡു് പുനരുദ്ധാരണപ്രവർത്തനങ്ങൾക്കുവേണ്ടി അടച്ചിട്ടു് പത്തു വർഷങ്ങളായി എന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ റോഡു് എത്രയും വേഗം പൂർത്തിയാക്കുന്നതിനു് ഗവണ്മെന്റു ശ്രദ്ധിക്കുമോ?

† Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly